

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പുനരുദ്ധാരണം നടത്തുന്ന പറവൂർ മാർക്കറ്റ്

# പറവൂർ മാർക്കറ്റ് പഴയ പ്രൗഢിയിൽ തലയുയർത്തും

പറവൂർ: മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽപ്പെടുത്തി പറവൂർ മാർക്കറ്റ് പഴമയോടെ നിലനിർത്താനുള്ള സമഗ്ര പദ്ധതിക്ക് അനുമതിയായി.

ആദ്യഘട്ടത്തിൽ അഞ്ചു കോടി രൂപ ഇതിനായി വകയിരുത്തിയതായി വി.ഡി. സതീശൻ എംഎൽഎ അറിയിച്ചു.

രണ്ടാംഘട്ടത്തിൽ പദ്ധതി പൂർത്തിയാക്കാൻവേണ്ട പണം അനുവദിക്കും.

വടക്കൻ പറവൂർ മാർക്കറ്റിനെ പഴമയുടെ പ്രൗഢിയോടെ തിരിച്ചുകൊണ്ടുവരികയാണു ലക്ഷ്യമിടുന്നത്. വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

മുസിരിസ് പദ്ധതിയുടെ ഭാഗമായുള്ള വിസിറ്റേഷൻ സെന്ററിന്റെ ടെൻഡർ നടപടി തുടങ്ങി.

കണ്ണൻകുളങ്ങരയിലാണു വിസിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നത്. ഇതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡും ടൂറിസം വകുപ്പും അടുത്തയാഴ്ച ചർച്ച നടത്തും.

2.15 കോടി രൂപയാണു മാറ്റിവച്ചിരിക്കുന്നത്. ജലഗതാഗതത്തിനായി എട്ടു ബോട്ടുജെട്ടികൾ നിർമിച്ചുവരികയാണ്. എട്ടെണ്ണത്തിനു കൂടി അനുമതിയായി. ചേന്ദമംഗലം ഹോളി ക്രോസ് ദേവാലയത്തിന്റെയും വൈപ്പിക്കോട്ട സെമിനാരിയുടെയും മറ്റും സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടി അടുത്തമാസം ആരംഭിക്കും.

പറവൂർ നഗരത്തിലും ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേക്കര പഞ്ചായത്തുകളിലും പൊതുസ്ഥലങ്ങളിലും ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമിക്കാനും അനുമതി നൽകി.

വി.ഡി. സതീശൻ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൺസൾറ്റന്റ് ബെന്നി കുര്യാക്കോസ്,

സ്പെഷൽ ഓഫിസർ പി. വിജയൻ, നഗരസഭ അധ്യക്ഷ വത്സല പ്രസന്നകുമാർ തുടങ്ങിയവർ സംബന്ധിച്ചു.